(എഫ്) 1998-1999 7

1999-2000 വിവരം ശേഖരിച്ച് നൽകുന്നതാണ്.

2000-2001 3

2001-2002 ഇല്ല

2002-2003 4

(ജി) 2002-2003 വർഷം 10 ഒഴിവുകൾ

2003-2004 ആകെ 11 ഒഴിവുകൾ

(എച്ച്) ഇല്ല.

(ഐ) ക്ലാസ് ഡിവിഷനുകളിലുണ്ടാകുന്ന കുറവുകൂടി പരിശോധിച്ചതിനു ശേഷമേ യഥാർത്ഥത്തിലുള്ള ഒഴിവുകൾ തിട്ടപ്പെടുത്താനാകൂ.

അദ്ധ്യാപകർക്ക് കമ്പ്യൂട്ടർ പരിശീലനത്തിനുവേണ്ടി അനുവദിക്കപ്പെട്ട ഫീസ്

95 (692) ശ്രീ. വി. കെ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്കൂളുകളിൽ അദ്ധ്യാപകർക്ക് കമ്പ്യൂട്ടർ പരിശീലനം നൽകുന്നതിന് സ്വകാര്യ ഏജൻസികളെ ഏൽപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇവരെ നിശ്ചയിക്കുന്നതിനുള്ള മാനദണ്ഡം എന്ത് ; ഉത്തരവിന്റെ കോപ്പി ലഭ്യമാക്കുമോ ;

(സി) പരിശീലന സൗകര്യമുള്ള സർക്കാർ എയ്ഡഡ് സ്കൂളുകളെ മുൻകാലങ്ങളിൽ ഏൽപ്പിച്ചിരുന്നതുപോലെ ഏൽപ്പിക്കാൻ നടപടി സ്വീകരിക്കുമോ ;

(ഡി) അദ്ധ്യാപക പരിശീലനത്തിനുവേണ്ടി അനുവദിക്കപ്പെട്ട ഫീസ് എത്രയാണെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) സ്വകാര്യ ഏജൻസികളുടെ കമ്പ്യൂട്ടർ ലാബ് പ്രതിദിന വാടകയ്ക്ക് ലഭ്യമാക്കാൻ വേണ്ടി ഐ. ടി. അറ്റ്. സ്കൂൾ പദ്ധതിയുടെ 2003 ഏപ്രിൽ മാസം 2-ന് കൂടിയ എക്സിക്യൂട്ടീവ് കമ്മിറ്റി തീരുമാനം അനുസരിച്ച് ടെണ്ടർ പരസ്യം കൊടുത്തിട്ടുണ്ട്. എന്നാൽ സ്വകാര്യ ഏജൻസികൾ വേണ്ടത്ര താൽപ്പര്യം കാണിക്കാത്തതുകൊണ്ട് പുന:പരസ്യം കൊടുക്കുന്നതിനെപ്പറ്റി ആലോചിച്ചു വരികയാണ്.

(സി) ഇപ്പോൾ പരിഗണനയിലില്ല.

(ഡി) ഈ വർഷം ഒരു തുകയും അനുവദിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly